Kerala Homestay and Tourism Society
Reg. No. ER 99/08
*Registered under Travancore Cochin Charitable Societies Act.*

Kerala Hats
Kerala Homestay & Tourism Society

To

**ശ്രീ. പിണറായി വിജയൻ**
ബഹു. കേരള മുഖ്യമന്ത്രി
തിരുവനന്തപുരം

**വിഷയം: ഹോംസ്റ്റേ സംരംഭകരെ പൊലൂഷൻ സർട്ടിഫിക്കറ്റ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച്**

സർ,

കേരളത്തിന്റെ ടൂറിസം രംഗത്ത് ഒഴിച്ചുകൂടാനാകുന്നതും ഏറെ സംഭാനകൾ ചെയ്തു വരുന്നതുമായ ഹോംസ്റ്റേ സംരംഭകരെ തകർക്കുന്ന രീതിയിലാണ് മൂന്നാർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പൊലൂഷൻ കൺട്രോൾ ബോർഡ് പുതിയ രീതിയിലുള്ള സർട്ടിഫിക്കറ്റുകൾ എടുക്കാൻ ഹോംസ്റ്റേ സംരംഭകരോടു ആവശ്യപ്പെട്ടിരിക്കുന്നത്. ഈ സർട്ടിഫിക്കറ്റുകൾ എടുക്കാതെ ഹോംസ്റ്റേകൾ തുടർന്ന് പ്രവർത്തിപ്പിക്കരുതെന്ന് ബോർഡ് അറിയിച്ചിരിക്കുകയാണ്.

പൊലൂഷൻ ബോർഡ് പിങ്ക്, ഗ്രീൻ, യെല്ലോ, റെഡ് കാറ്റഗറിയിലൊന്നും തന്നെ ഹോംസ്റ്റേകളെ ക്കുറിച്ച് പരാമർശിക്കുന്നില്ല. മൂന്നാറിൽ 2500 സ്ക്വയർഫീറ്റ് ഉള്ള രണ്ട് മുറിക്ക് ക്ലാസിഫിക്കേഷൻ എടുത്തിട്ടുള്ള ഹോംസ്റ്റേകളോട് കുറഞ്ഞത് 26,000 രൂപ അടക്കണമെന്നാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഈ തുക അടയ്ക്കേണ്ടത് എന്ന് പറഞ്ഞിട്ടില്ല. സംസ്ഥാനത്തെ വർക്ഷോപ്പ്, കോഴി ഫാമുകൾ തുടങ്ങിയ സംരംഭകരെയാണ് പിങ്ക് കാറ്റഗറിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹോംസ്റ്റേ സംരംഭകരോട് പിങ്കിൽ കയറി ഗ്രീൻ കാറ്റഗറി രജിസ്റ്റർ ചെയ്യണ മെന്നാണ് പറഞ്ഞിരിക്കുന്നത്. 50 മുറികളിൽ കൂടുതൽ ഉള്ള ഹോട്ടലുകളെയാണ് ഗ്രീൻ കാറ്റഗറിയിൽ പെടുത്തിയിരിക്കുന്നത്.

ഹോംസ്റ്റേകൾക്ക് 6 മുറിയിൽ താഴെ മാത്രമെ പ്രവർത്തിക്കാൻ അനുവാദമുള്ളു. ഹോംസ്റ്റേ സംരംഭകർക്ക് എല്ലാ മാസവും ബിസിനസ്സ് ലഭിക്കാറില്ല. ഇത് ഒരു സീസണൽ ബിസ്സിനസ്സാണ്. നാലു മാസത്തിൽ കൂടുതൽ സീസൺ ലഭിക്കാറുമില്ല. അങ്ങനെയുള്ള സംരംഭകരോട് 26,000 രൂപയും 50,000 രൂപയും ഒക്കെ അടച്ച് ഈ സർട്ടിഫിക്കറ്റ് എടുക്കണമെന്ന് പറഞ്ഞാൽ ഇത് ഈ സംരംഭം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയിലാകും.

ആയതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ ഇടപെട്ട് കേരളത്തിലെ ഹോംസ്റ്റേ സംരംഭകരെ പൊലൂഷൻ സർട്ടിഫിക്കറ്റ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കി പ്രവർത്തിക്കാൻ അനുമതി നൽകണമെന്നും ഈ സംരംഭത്തെ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിനയമായി അഭ്യർത്ഥിക്കുന്നു.

എന്ന്,

**M. P. Sivadathan**
Director
Kerala Homestay & Tourism Society (Kerala Hats)
Kumbalanghi P.O., Cochin - 7
E-mail: sivadattan@gmail.com. Mob: 93492 53124

KERALA HOMESTAY AND TOURISM SOCIETY
Reg No
ER.99/08

Kochi
27-7-2017